**അഭിമുഖം**



# എസ്.ഐ.ഒവിന്റെ ലക്ഷ്യം വിദ്യാർഥി സമൂഹത്തിൽ പുതിയ തുടക്കം


**കെ.കെ സുഹൈൽ** (എസ്.ഐ.ഒ ദേശീയ പ്രസിഡന്റ്)/

**മിൻഹാജ് സകരിയ്യ** (പ്ലസ്‌വൺ വിദ്യാർഥി, എസ്.ഐ.ഒ കണ്ണൂർ ജില്ലാസമിതിയംഗം)


*** രാജ്യത്തെ ഏറ്റവും വലിയ ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനത്തിന്റെ സാരഥിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുകയാണല്ലോ താങ്കൾ; എന്തു തോന്നുന്നു?**

ശരിക്കുപറഞ്ഞാൽ, താങ്ങാൻ കഴിയാത്ത ഭാരമാണ് ചുമക്കേണ്ടി വന്നിരിക്കുന്നത്. യോഗ്യരും സന്നദ്ധരുമായ സഹായികളെ ഈ ഉത്തരവാദിത്വം പങ്കുവെക്കാൻ ലഭിച്ചതാണ് സ്വൽപം ആശ്വാസം.

*** കഴിഞ്ഞ രണ്ടു വർഷമായി പബ്ലിക് റിലേഷൻ സെക്രട്ടറി എന്ന നിലയിൽ താങ്കൾ ബുദ്ധിജീവികളും ഉന്നത വ്യക്തിത്വങ്ങളുമായൊക്കെ നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണല്ലോ; അവർ എസ്.ഐ.ഒ വിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത്?**

സമൂഹത്തെ മാറ്റിപ്പണിയാനും നീതിക്കും സമാധാനത്തിനും വേണ്ടിയും കഴിഞ്ഞ 25 വർഷമായി ഇന്ത്യൻ സമൂഹത്തിൽ എസ്.ഐ.ഒ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എസ്.ഐ.ഒവിന്റെ നിലപാടുകൾ വളരെ ശക്തവും വ്യക്തവുമാണ്. സമൂഹത്തിലെ എല്ലാ അസമത്വങ്ങൾക്കും അക്രമങ്ങൾക്കും നാം എതിരാണ്. പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളിലും വിദ്യാർഥി പ്രശ്നങ്ങളിൽ പ്രത്യേകിച്ചും നമ്മുടെ ഇടപെടലുകൾ സമൂഹം ആഗ്രഹിക്കുന്നു. ഈയിടെ ഡൽഹിയിൽ വെച്ചുണ്ടായ ഒരനുഭവം സ്മരണീയമാണ്. 'വിദ്യാഭ്യാസ രംഗത്തെ സാമൂഹിക നീതി' എന്ന കാമ്പയിനുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ പ്രമുഖ വാർത്താ മാധ്യമങ്ങളുടെ പത്രാധിപന്മാരുമായി സംസാരിച്ചപ്പോൾ, വിദ്യാഭ്യാസത്തിന്റെ വാണിജ്യവൽക്കരണം, ആഗോള വൽക്കരണം, നേരിട്ടുള്ള വിദേശനിക്ഷേപം, കാവിവൽക്കരണം തുടങ്ങിയ പ്രശ്നങ്ങളാണ് എസ്.ഐ.ഒ ഉന്നയിക്കുന്നതെന്ന് പറഞ്ഞു. ഒരു ഇസ്‌ലാമിക വിദ്യാർഥി പ്രസ്ഥാനം ഇത്തരം രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്നത് അവരെ അദ്ഭുതപ്പെടുത്തുകയും അതവർ തുറന്ന് പ്രകടിപ്പിക്കുകയും ചെയ്തു. ഒരുപാട് ജാതി-മത സംഘടനകൾ തങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് മാത്രം ഒച്ചവെക്കുമ്പോൾ സമൂഹത്തിന്റെ മൊത്തം പ്രശ്നങ്ങൾ ഏറ്റെടുത്ത് എസ്.ഐ.ഒ പ്രവർത്തിക്കുന്നതായിരുന്നു അവരെ ആശ്ചര്യപ്പെടുത്തിയത്. നമ്മെ സംബന്ധിച്ചേടത്തോളം ഇത് പ്രതീക്ഷക്കു വക നൽകുന്നു.

*** പുതിയ കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ച്?**

അനേകം സംസ്കാരങ്ങൾ, ഭാഷകൾ, മത

**കാമ്പസുകളിൽ കേന്ദ്രീകരിക്കാനും വളരെ ശക്തമായി വിദ്യാർഥി രാഷ്ട്രീയത്തിൽ ഇടപെടാനുമാണ് എസ്.ഐ.ഒ തീരുമാനം. വിദ്യാർഥി രാഷ്ട്രീയം ഇതുവരെ ചർച്ച ചെയ്തിട്ടില്ലാത്ത പുതിയ മുദ്രാവാക്യങ്ങളും കാഴ്ചപ്പാടുകളും നൈതികമൂല്യങ്ങളിലൂന്നിയതും എല്ലാതരം ഫാഷിസത്തിൽ നിന്നും മുക്തവുമായ ജനാധിപത്യത്തിന്റെ വിശാല ഇടങ്ങൾ കാമ്പസുകളിൽ സൃഷ്ടിക്കാൻ വേണ്ടിയാണ് നാം ശ്രമിക്കുക. വിദ്യാർഥി രാഷ്ട്രീയത്തിലും കലാലയങ്ങളിലും എസ്.ഐ.ഒ വിന് കിംഗ്മേക്കറുടെ പദവി നേടിയെടുക്കാൻ കഴിയുമെന്നാണ് വിശ്വാസം.**

ങ്ങൾ, ഗോത്രങ്ങൾ തുടങ്ങിയവയാൽ വളരെയേറെ വൈവിധ്യം നിലനിൽക്കുന്ന വിശാലമായൊരു രാജ്യത്താണ് നാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഭ്രാന്തമായ ദേശീയതയുടെ വക്താക്കളായ ഗ്രൂപ്പുകളുടെ പ്രവർത്തനഫലമായി സമൂഹം ഭിന്ന ധ്രുവങ്ങളിലാണുള്ളത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി എപ്പോഴും എന്തും സംഭവിക്കാമെന്ന അവസ്ഥയാണ്. സമൂഹത്തിന്റെ ആരോഗ്യകരമായ വളർച്ചക്ക് അനൈക്യം വിഘാതമാണ്. മറ്റു സമൂഹങ്ങളിലെ വിദ്യാർഥികളുമായി കൈകോർത്തുകൊണ്ട് സഹകരണത്തിന്റെ പാതകൾ പരമാവധി നമുക്ക് തുറന്നിടേണ്ടതുണ്ട്. അതേയവസരം, മുസ്‌ലിം സമുദായവുമായും സെക്യുലർ സമൂഹങ്ങളുമായും സംവാദങ്ങളും സഹവർത്തിത്വവും സാധ്യമാക്കേണ്ടതുമുണ്ട്.

2009-2010 ലെ പോളിസിക്ക് രൂപംനൽകിയിരിക്കുന്നത്, ഇന്ത്യൻ സംസ്ഥാനങ്ങളുടെ വൈവിധ്യങ്ങളെ പരിഗണിച്ചുകൊണ്ടാണ്. ദേശീയ പദ്ധതിയിൽ ഊന്നി നിന്നുകൊണ്ട് സംസ്ഥാന സമിതികൾ അവർക്കാവശ്യമായ പദ്ധതികൾ അവയുടെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ സാഹചര്യങ്ങൾക്കനുസൃതമായി രൂപപ്പെടുത്തുന്നതാണ്. ഇപ്രകാരം എസ്.ഐ.ഒ വളരെ ആഴത്തിൽ വിവിധ പ്രദേശങ്ങളിൽ വേരുപിടിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്.

കാമ്പസുകളിൽ കേന്ദ്രീകരിക്കാനും വളരെ ശക്തമായി വിദ്യാർഥി രാഷ്ട്രീയത്തിൽ ഇടപെടാനുമാണ് എസ്.ഐ.ഒ തീരുമാനം. ചിലയിടങ്ങളിലൊഴിച്ച് എസ്.ഐ.ഒ ഇതുവരെയും സജീവമായി കലാലയ രാഷ്ട്രീയത്തിൽ ഇടപെട്ടിട്ടില്ല. വിദ്യാർഥി രാഷ്ട്രീയം ഇതുവരെ ചർച്ച ചെയ്തിട്ടില്ലാത്ത പുതിയ മുദ്രാവാക്യങ്ങളും കാഴ്ചപ്പാടുകളും നൈതികമൂല്യങ്ങളിലൂന്നിയതും എല്ലാതരം ഫാഷിസത്തിൽ നിന്നും മുക്തവുമായ ജനാധിപത്യത്തിന്റെ വിശാല ഇടങ്ങൾ കാമ്പസുകളിൽ സൃഷ്ടിക്കാൻ വേണ്ടിയാണ് നാം ശ്രമിക്കുക. പക്ഷേ, അത് പണത്തിന്റെയും പത്രാസിന്റെയും പളപളപ്പല്ല. മൂല്യങ്ങളിലൂന്നിയുള്ള ക്രിയാത്മകമായ പ്രവർത്തനമാണ്. നാം അത്യധ്വാനം ചെയ്യാനുറച്ചാൽ ഇന്ത്യൻ വിദ്യാർഥി രാഷ്ട്രീയത്തിലും കലാലയങ്ങളിലും എസ്.ഐ.ഒ വിന് കിംഗ്മേക്കറുടെ പദവി നേടിയെടുക്കാൻ കഴിയുമെന്നാണ് വിശ്വാസം.

വിദ്യാഭ്യാസരംഗത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘടനക്ക് വിജ്ഞാനത്തെക്കുറിച്ച് ഇസ്‌ലാമിക അടിത്തറകളിലൂന്നിയ കാഴ്ചപ്പാട് ഉണ്ടാവേണ്ടതുണ്ട്. പുതിയ പോളിസിയിൽ 'വിദ്യാഭ്യാസത്തിന്റെ തത്വശാസ്ത്രം' എന്ന തലക്കെട്ടിൽ വിദ്യാഭ്യാസത്തിന്റെ ഇസ്‌ലാമിക ചിന്താമണ്ഡലം സമർപ്പിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ സംഘടിപ്പിക്കേണ്ടതുണ്ട്.

* **ഈയിടെ നമ്മുടെ സമാധാനത്തെയും പൗരന്മാരുടെ സുരക്ഷിതബോധത്തെയും തകിടംമറിച്ചുകൊണ്ട് നിരവധി ഭീകരാക്രമണങ്ങൾ രാജ്യത്ത് നടക്കുകയുണ്ടായി. വളരെ ഗൗരവമേറിയ ഈ പ്രശ്നത്തെക്കുറിച്ച് ഇന്റലിജൻസ് പരാജയമെന്ന വിലയിരുത്തലും വോട്ടുബാങ്ക് കസർത്തുകളും തുടരുന്നു. ബി.ജെ.പി ഭീകരവിരുദ്ധ നിയമത്തെക്കുറിച്ച് സംസാരിക്കുന്നു. കോൺഗ്രസാവട്ടെ മുംബൈ ആക്രമണത്തിന്റെ പേരിൽ പാകിസ്താനു നേരെ വിരൽചൂണ്ടുന്നു. എവിടെയാണ് പ്രശ്നം; എന്താണ് പരിഹാരം?**

കുറ്റവാളികൾ ആരായിരുന്നാലും മിക്കപ്പോഴും നിരപരാധികളായ സാധാരണക്കാരും സ്ത്രീകളും കുട്ടികളുമാണ് ഇത്തരം ഭീകര കൃത്യങ്ങളുടെ ഇരകൾ. എല്ലാതരം ഭീകരതകളുടെയും അണിയറ ശിൽപികളെ കണ്ടെത്തി അവരെ നീതിപീഠത്തിനു മുമ്പിലെത്തിക്കുകയും അർഹിക്കുന്ന ശിക്ഷ വാങ്ങിക്കൊടുക്കുകയും ചെയ്യണമെന്നാണ് ഗവൺമെന്റിനോട് നമുക്ക് ആവശ്യപ്പെടാനുള്ളത്. ഇതുവരെ ഭീകരതയെക്കുറിച്ച് നിഷ്കരുണം ഏകപക്ഷീയമായ കഥകൾ മെനഞ്ഞിരുന്ന മീഡിയ ഈയിടെയുണ്ടായ സംഝോധ, നന്ദേഡ്, അജ്മീർ, മാലേഗാവ് സ്ഫോടനങ്ങളോടെ 'ഭീകരതക്ക് മതമില്ലെന്ന' പുതിയ വെളിപാടുമായി ഇറങ്ങിയിരിക്കുകയാണ്. യഥാർഥ മതങ്ങൾ ഭീകരതയെയും നിരപരാധികളുടെ രക്തം ചിന്തുന്നതിനെയും അംഗീകരിക്കുന്നില്ല. പല ഭീകര കൃത്യങ്ങൾക്കും പിന്നിൽ രാഷ്ട്രീയ ലക്ഷ്യങ്ങളോടെ പ്രബല മതസമൂഹങ്ങളെ തമ്മിലടിപ്പിക്കാൻ ഒടുങ്ങാത്ത പകയോടെ കാത്തിരിക്കുന്ന പരിവാർ സംഘങ്ങളാണെന്നാണ് പുതിയ അന്വേഷണങ്ങൾ നൽകുന്ന സൂചന. ഇത്തരം കുറ്റവാളി സംഘങ്ങൾ ഹിന്ദുക്കളാണെന്ന് പറയാൻ സാധ്യമല്ല.

ആയിരക്കണക്കിന് മുസ്‌ലിം യുവാക്കൾ അജ്മീർ, മാലേഗാവ് തുടങ്ങിയ പല സ്ഫോടനങ്ങളുടെയും പേരിൽ അന്വേഷണ സംഘങ്ങളാൽ അറസ്റ്റു ചെയ്യപ്പെട്ടിട്ടുണ്ട്. ഇവരിൽ പലരെയും നിയമവിരുദ്ധമായ പീഡനമേൽപിച്ച് കുറ്റസമ്മതമൊഴി ചുട്ടെടുക്കുന്നു. ഇത്തരം പീഡിതരുടെ കേസുനടത്താൻ വക്കീലിനെ കിട്ടാത്ത അവസ്ഥ പോലുമുണ്ട് മിക്കയിടത്തും. ഇങ്ങനെ ഭീകര വിരുദ്ധ നടപടി ഒരു സമുദായ വിരുദ്ധ പരിപാടിയായി ഫലത്തിൽ മാറുന്നു. കുറ്റം തെളിയിക്കപ്പെടുന്നതുവരെ കുറ്റാരോപിതർ നിരപരാധികളാണെന്ന തത്വം പോലും വിസ്മരിക്കപ്പെടുന്നു. ഇത്തരം മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ നൂറുകണക്കിന് മനുഷ്യാവകാശ ഗ്രൂപ്പുകൾ ശബ്ദിക്കുകയുണ്ടായി. ഏതെങ്കിലും വിദ്യാർഥിയെ അന്വേഷണ സംഘം വിളിപ്പിച്ചാൽ മീഡിയ അയാളുടെ ഐഡന്റിറ്റി പുറത്തുവിടുകയും ഭീകരമുദ്ര ചാർത്തി കള്ളക്കഥകൾ മെനയുകയും ചെയ്യുന്നു. ഇത്തരക്കാരെ കോടതികൾ നിരപരാധികളെന്നുകണ്ട് വെറുതെവിട്ടാൽ മീഡിയ മൗനം പാലിക്കുന്നു. നിരപരാധികളുടെ ഭാവി ഇരുളടയുകയും യഥാർഥ ഭീകരർ രക്ഷപ്പെടാൻ ഇടയാക്കുകയും ചെയ്യുന്ന ഇത്തരം ചെയ്തികൾ നിറുത്തണമെന്നും; രാജ്യത്തെ എല്ലാ പൗരന്മാർക്കും സാമൂഹിക നീതി ഉറപ്പുവരുത്തണമെന്നും മുസ്‌ലിം സമൂഹത്തെ ഉന്നമിട്ടുള്ള ഭീകരവേട്ട അവസാനിപ്പിക്കണമെന്നുമാണ് എസ്.ഐ.ഒ വിന് ശക്തമായി ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം, സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും നീതിപൂർണമായ പരിഗണന സർക്കാറുകളിൽ നിന്ന് ലഭിക്കാത്തേടത്തോളം കേവലം നിയമനിർമാണംകൊണ്ട് ഭീകരതക്ക് തടയിടാനാവില്ല എന്ന പ്രാഥമിക തത്വം നാം മറന്നുപോവരുത്.

* **ദേശീയത ഒരു വികാരമായി വളരുകയാണല്ലോ?**

ദേശീയത ചോദ്യംചെയ്യപ്പെടാത്ത ഒരു

വിശുദ്ധ സങ്കൽപമാക്കി വിവിധ പരിവാർ ഗ്രൂപ്പുകൾ വളർത്തിയെടുത്തിട്ടുണ്ട്. ഉന്മാദ ദേശീയതയും ദേശസ്നേഹവും വ്യത്യസ്ത സങ്കൽപങ്ങളാണ്. ഉന്മാദ ദേശീയത സ്വയംതന്നെ ഒരു മതമാണ്. ദേശമാണതിലെ ആരാധ്യപ്രതിഷ്ഠ. 'ശരിയായാലും തെറ്റായാലും എന്റെ ദേശം' എന്നതാണതിലെ ചോദ്യംചെയ്യപ്പെടാത്ത വിശ്വാസം. ഇതു തന്നെയായിരുന്നു ഒന്നും രണ്ടും ലോകയുദ്ധങ്ങൾക്ക് കാരണമായതും കോളനിവാഴ്ചയുടെ അടിസ്ഥാനവും. എന്റെ രാജ്യം, ജനത, സംസ്കാരം, ഭാഷ ഇതു ലോകത്തേറ്റവും മഹത്തരമാണെന്ന് പ്രചരിപ്പിക്കുകയും വിശ്വസിക്കുകയും ചെയ്യുക. ഇത്തരമൊരു സങ്കൽപം നമ്മുടെ നാടിനെ സംബന്ധിച്ച് തികച്ചും യുക്തി രഹിതമാണ്. നിരവധി ഭാഷ, വേഷ, സംസ്കാര ശീലങ്ങളും പ്രകൃതിയുമുള്ള ഇന്ത്യയിൽ ഉപദേശീയതകളുടെ ഉണർവിലേക്കും അന്തിമമായി രാജ്യത്തിന്റെ ശിഥിലീകരണത്തിലേക്കുമാണത് നയിക്കുക. ഇത്തരം അന്ധമായ സങ്കുചിത ദേശീയതാ സങ്കൽപം ശുദ്ധ വങ്കത്തമാണ്. സാർവലൗകിക സാഹോദര്യത്തിന് വേണ്ടിയാണ് നാം നിലകൊള്ളേണ്ടത്.

*** വളരെ വിശാലമായ ഈ രാജ്യത്തെ കലാലയ രാഷ്ട്രീയത്തെ താങ്കളെങ്ങനെയാണ് നോക്കിക്കാണുന്നത്?**

കലാലയ രാഷ്ട്രീയത്തിൽ ശക്തമായി ഇടപെടുക എന്നതാണ് ഇത്തവണ നമ്മുടെ പ്രവർത്തനത്തിന്റെ ഒരു പ്രധാനവശം. നിലവിലുള്ള കലാലയ രാഷ്ട്രീയം പ്രതിലോമപരതയുടെ പര്യായമായാണ് ഗണിക്കപ്പെടുന്നത്. വിദ്യാർഥിരാഷ്ട്രീയം മാതൃപ്രസ്ഥാനങ്ങളുടെയും മുഖ്യധാരാ രാഷ്ട്രീയത്തിന്റെയും സകല ജീർണതകളെയും ആവാഹിച്ചിരിക്കുന്നു. രാഷ്ട്രീയ വിശുദ്ധിയുള്ള, അന്യ സംഘടനകളുടെ പ്രവർത്തന സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടുന്ന, അർഥപൂർണമായ ചർച്ചകളും സംവാദങ്ങളും വിവിധ തലക്കെട്ടുകളിൽ നടക്കുന്ന കലാലയ രാഷ്ട്രീയം. അത്തരം ജനാധിപത്യ രാഷ്ട്രീയ പരിതസ്ഥിതികൾ കലാലയങ്ങളിൽ രൂപപ്പെടണമെന്ന് എസ്.ഐ.ഒ ആഗ്രഹിക്കുന്നു. പുതിയ തലമുറ ഇത്തരം സാമൂഹികരംഗങ്ങളിൽ നിന്ന് പിൻവാങ്ങുന്നു എന്നത് സത്യമാണ്. കലാലയങ്ങളിലെ പ്രതിലോമ രാഷ്ട്രീയവും

**സമൂലമായ മുതലാളിത്തവൽക്കരണമാണ് പുതിയ തലമുറയുടെ വെല്ലുവിളി. വ്യക്തികളുടെ ഒറ്റപ്പെടലാണ് മുതലാളിത്തത്തിന്റെ ബാക്കിപത്രം. പുതു തലമുറ സാമൂഹിക ബന്ധങ്ങളിൽ നിന്ന് അറുത്തുമാറ്റപ്പെട്ട് വിനോദങ്ങളിലും ലഹരിയിലും ധാർമിക തകർച്ചയിലും സ്വയം മറന്ന് രമിക്കുകയാണ്. ജീവിക്കുന്ന ലോകത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് അവരെ ഉണർത്തേണ്ടതുണ്ട്.**

ഇതിനൊരു കാരണമാണ്. വിദ്യാർഥി സമൂഹത്തിലും കാമ്പസ് രാഷ്ട്രീയത്തിലും പുതിയ തുടക്കം സൃഷ്ടിക്കാനാണ് എസ്.ഐ.ഒ ആഗ്രഹിക്കുന്നത്.

*** ഇന്ത്യൻ വിദ്യാർഥി സമൂഹത്തിനു മുമ്പിലുള്ള വർത്തമാന വെല്ലുവിളികൾ എന്താണ്?**

സമൂലമായ മുതലാളിത്തവൽക്കരണമാണ് പുതിയ തലമുറയുടെ വെല്ലുവിളി. വ്യക്തികളുടെ ഒറ്റപ്പെടലാണ് മുതലാളിത്തത്തിന്റെ ബാക്കിപത്രം. പുതു തലമുറ സാമൂഹിക ബന്ധങ്ങളിൽ നിന്ന് അറുത്തുമാറ്റപ്പെട്ട് വിനോദങ്ങളിലും ലഹരിയിലും ധാർമിക തകർച്ചയിലും സ്വയം മറന്ന് രമിക്കുകയാണ്. ജീവിക്കുന്ന ലോകത്തിന്റെ യാഥാർഥ്യങ്ങളിലേക്ക് അവരെ ഉണർത്തേണ്ടതുണ്ട്; ജീവിതത്തെക്കുറിച്ച കാഴ്ചപ്പാടുകൾ കണ്ടെത്തലാണ് യഥാർഥ വെല്ലുവിളി എന്ന ചിന്തയിലേക്ക്.

*** എസ്.ഐ.ഒ വിന്റെ ഇപ്പോഴത്തെ വളർച്ചയെയും വികാസത്തെയും പ്രവർത്തകരുടെ സംസ്കരണത്തെയും കുറിച്ച അഭിപ്രായം?**

ദൈവാനുഗ്രഹത്താൽ എസ്.ഐ.ഒ ക്രമപ്രവൃദ്ധമായ വളർച്ചയുടെ പാതയിലാണ്. നമ്മുടെ വണ്ണമല്ല ഗുണമാണ് എപ്പോഴും ശ്രദ്ധിക്കപ്പെടേണ്ട വസ്തുത. നമ്മുടെ പ്രവർത്തകർ തൃപ്തികരമായ അവസ്ഥയിലാണെന്നാണ് എന്റെ വിശ്വാസം. വിശാലമായ ഈ രാജ്യത്തിന്റെ നാഡിഞരമ്പുകളിലെല്ലാം നമ്മുടെ ശക്തമായ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുണ്ട്.

*** രാജ്യത്തെ വിദ്യാർഥികൾക്കുള്ള സന്ദേശം?**

ജീവിതലക്ഷ്യം ആസ്വാദനം മാത്രമാവരുത്. നമ്മുടെ അജണ്ടകളെ മറ്റുള്ളവർ തീരുമാനിക്കുന്നതിനു പകരം നാം തന്നെ നിർണയിക്കുക.

*** എസ്.ഐ.ഒ പ്രവർത്തകർക്കുള്ള സന്ദേശം?**

നമ്മുടെ ചുറ്റുപാടുകളിലേക്ക് കണ്ണും കാതും തുറന്നുവെക്കുക. ഉത്തമ വ്യക്തിത്വം കാത്തുസൂക്ഷിക്കുക. പ്രസ്ഥാനത്തിനും നാളേക്കുമായി സ്വപ്നങ്ങൾ കാണുകയും അവയുടെ പൂർത്തിക്കായി കഠിനാധ്വാനത്തിലേർപ്പെടുകയും ചെയ്യുക. ■